# പതിമൂന്നാം കേരള നിയമസഭ
# പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നം. 4173 — 21/07/2015-ൽ മറുപടിയ്ക്ക്

## മാമം നാളികേര കോംപ്ലക്സിന്റെ പ്രവർത്തനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ബി. സത്യൻ | ശ്രീ. കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| എ) ആറ്റിങ്ങൽ മാമം നാളികേര കോംപ്ലക്സിന്റെ പുന:പ്രവർത്തനം സംബന്ധിച്ച നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലാണെന്നും, ഏതെല്ലാം തരത്തിലുള്ള പദ്ധതികളാണ് ഇവിടെ നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുള്ളതെന്നും, ഇതിനായി എന്തു തുക നീക്കിവച്ചിട്ടുണ്ടെന്നും, ഏതെല്ലാം വകുപ്പിൽ നിന്നുമാണ് ഫണ്ട് ലഭ്യമാക്കുന്നതെന്നും വിശദമാക്കുമോ; | എ) ആറ്റിങ്ങൽ മാമം നാളികേര കോംപ്ലക്സ് പ്രവർത്തനം ആരംഭിച്ചിട്ടില്ല. പ്രതിദിനം 20,000 തേങ്ങ പ്രോസസ്സ് ചെയ്ത് വെർജിൻ കോക്കനട്ട് ഓയിൽ ഉല്പാദിപ്പിക്കുന്ന ഒരു യൂണിറ്റും പ്രതിദിനം 30 ടൺ കൊപ്രയിൽ നിന്നും വെളിച്ചെണ്ണ ഉല്പാദിപ്പിക്കുന്ന ഒരു യൂണിറ്റും ആരംഭിക്കുന്നതിനുള്ള പ്രവർത്തനം നടന്നു വരുന്നു. RKVY പദ്ധതിപ്രകാരം വെർജിൻ കോക്കനട്ട് ഓയിൽ, വെളിച്ചെണ്ണ, നാളികേരത്തിൽ നിന്നുള്ള മറ്റ് ഉത്പന്നങ്ങൾ എന്നിവ ഉല്പാദിപ്പിക്കുന്നതിനായി 2 കോടി രൂപ അനുവദിച്ചിട്ടുണ്ട്. അതിൽ 114 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. |
| ബി) പുന:പ്രവർത്തനം ആരംഭിച്ചശേഷം പുതിയതായി എത്ര ജീവനക്കാരെ നിയമിച്ചിട്ടുണ്ടെന്നും, ഏതെല്ലാം തസ്തികകളിലാണ് നിയമിച്ചതെന്നും, എന്തടിസ്ഥാനത്തിലാണ് ജീവനക്കാരെ നിയമിച്ചിട്ടുള്ളതെന്നും വിശദമാക്കാമോ? | ബി) പ്രസ്തുത സ്ഥാപനത്തിൽ പുതിയതായി ജീവനക്കാരെ നിയമിച്ചിട്ടില്ല. ഓഫീസ് പ്രവർത്തനം തുടർന്ന് നടത്തുവാൻ കരാർ അടിസ്ഥാനത്തിൽ 2 പേരേയും പ്രവർത്തന ക്രമീകരണാർത്ഥം കൃഷി വകുപ്പിൽ നിന്ന് ഒരാളേയും നിയമിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ